# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: **9846720402**

പി.ആർ.ഒ/35/272/2016 | പത്രക്കുറിപ്പ് | 2016 **ഡിസംബർ 22**

**അപേക്ഷാ തീയതി**

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർഗ്രാജ്വേറ്റ് (2013 അഡ്മിഷനു മുൻപുള്ള സപ്ലിമെന്ററി & മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകൾക്ക് പിഴയില്ലാതെ2017 ജനുവരി 5 വരെയും 50 രൂപ പിഴയോടെ 6 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 10 വരെയും അപേക്ഷിക്കാം. അപേക്ഷകർ 20 രൂപ അപേക്ഷാ ഫോമിനും, ഒരു പേപ്പറിനു 20 രൂപ വീതം (പരമാവധി 100)സി.വി.ക്യാമ്പ് ഫീസും നിശ്ചിത പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം. ആദ്യമായി മേഴ്സി ചാൻസിനു ഹാജരാവുന്നവർ 5000 രൂപയും, രണ്ടാമത് ഹാജരാവുന്നവർ 7000 രൂപയും നിശ്ചിത പരീക്ഷാഫീസിനും സി.വി ക്യമ്പ് ഫീസിനും പുറമേ അടക്കണം.പരീക്ഷാതീയതി പിന്നീട്.

**പരീക്ഷാതീയതി**

ഒന്നാം സെമസ്റ്റർ ബി.എഡ്.(സ്പെഷ്യൽ എഡ്യുക്കേഷൻ–ലേണിംഗ് ഡിസബിലിറ്റി & ഇന്റലക്ച്വൽ ഡിസബിലിറ്റി) ക്രഡിറ്റ് & സെമസ്റ്റർ ഡിഗ്രി പരീക്ഷകൾ 2017 ജനുവരി 13 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജനുവരി 3 വരെയും 50 രൂപ പിഴയോടെ 4 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 6 വരെയും സ്വീകരിക്കും.അപേക്ഷകർ 100 രൂപ സി.വി ക്യാംപ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം.

**പരീക്ഷാഫലം**

2016 മെയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം ടെക് സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ 2017 ജനുവരി 4 വരെ സ്വീകരിക്കും.

2015 ഡിസംബറിൽ നടത്തിയ എം.എസ്‌സി. മൂന്നാം സെമസ്റ്റർ സുവോളജി (നോൺ സി.എസ്.എസ് സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ 2017 ജനുവരി 3 വരെ സ്വീകരിക്കും.

2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി ബോട്ടണി/ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി (സി.എസ്.എസ് റഗുലർ & സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ 2017 ജനുവരി 5 വരെ സ്വീകരിക്കും.

**എം.ജി : നാനോസയൻസിൽ പ്ലേയ്സ്മെന്റ് പ്രോഗ്രാം നടത്തി.**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആൻഡ് നാനോ ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ കാമ്പസ് റിക്രൂട്ട്മെന്റ് നടത്തി. ഏഷ്യൻപെയ്ന്റ്സിൽ നിന്നുള്ള ഡോ.വെങ്കിട്ടഗോപാൽ റെഡ്ഡിയും രാജേഷ് ഗുരുമൂർത്തിയും പങ്കെടുത്തു. 100 ലധികം പി.ജി ബിരുദധാരികൾ പങ്കെടുത്ത പ്ലെയ്സ്മെന്റ് പ്രോഗ്രാമിന് ഡോ : സാബുതോമസ്, ഡോ : നന്ദകുമാർ കളരിക്കൽ എന്നിവർ നേതൃത്വം നൽകി.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**